എം.റ്റി(2)15592/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 9.11.2012

## സർക്കുലർ നമ്പർ 45/2012

വിഷയം: പലവക വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, വെൽഫെയർസഹകരണസംഘങ്ങൾഎന്നിവയ്ക്ക് ബ്രാഞ്ച് അനുവദിക്കുന്നതിന് പൊതുവായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന: ജില്ല ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും ലഭിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശത്തിനായുള്ള അപേക്ഷകൾ

കേരളസഹകരണ നിയമപ്രകാരം പലവകവിഭാഗത്തിൽപ്പെടുത്തി തരംതിരിച്ച്, രജിസ്റ്റർചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, വെൽഫെയർ സഹകരണ സംഘങ്ങൾ, തുടങ്ങി വിവിധ സംഘങ്ങൾക്ക് ശാഖ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും മാർഗ്ഗനിർദ്ദേശത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശാഖകൾ ആരംഭിക്കുന്നതിന് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ശാഖ തുടങ്ങുന്നതിന് സംഘത്തിന്റെ ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
2. സംഘത്തിന്റെ പ്രവർത്തന പരിധിയിൽമാത്രമേ ശാഖ തുടങ്ങാൻപാടുള്ളൂ.
3. മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയിലും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾക്ക് മാത്രമേ ശാഖ അനുവദിക്കാൻ പാടുള്ളൂ.
4. നിർദ്ദിഷ്ട ശാഖയിൽ സംഘത്തിന്റെ ബൈലായിലെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസരിച്ചുള്ള വ്യാപാര പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ പാടുള്ളൂ.
5. നിർദ്ദിഷ്ട ശാഖ സംഘത്തിന്റെ നിലവിലുള്ള ജീവനക്കാരെ വച്ച് തന്നെ പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. സംഘം അഴിമതിരഹിതവും സർക്കാരിലേക്ക് കുടിശ്ശിക ഒന്നുംഇല്ലാത്തതും ആവണം.
7. ശാഖ അനുവദിക്കുന്ന സ്ഥലത്ത് ഇതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ ആസ്ഥാനമോ, ശാഖയോ ഉണ്ടാകാൻ പാടില്ലാത്തതാകണം.
8. സ്വർണ്ണ പണയ വായ്പ നൽകുന്നുണ്ടെങ്കിൽ ആയതിന് ബൈലാവ്യവസ്ഥ ഉണ്ടോ എന്നും, ആയതിന് ഉപനിബന്ധന അംഗീകരിച്ചു നൽകിയിട്ടുണ്ടോ എന്നും, കെട്ടിടത്തിന് മതിയായ സുരക്ഷിതത്വം ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, സ്ട്രോംഗ്റൂം, സെക്യൂരിറ്റിസംവിധാനം, ഇൻഷുറൻസ്, സ്റ്റോക്ക്രജിസ്റ്റർ അലാറം, നൈറ്റ് വാച്ചമാൻ എന്നിവ ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.
9. സംഘം നിയമാനുസൃതം ചേരേണ്ട പദ്ധതികൾ/സ്കീമുകൾ/ഫണ്ടുകൾ എന്നിവയിൽ ചേർന്നിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.
10. സംഘത്തിൽ സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ എന്നും അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ, ഫീഡർ കാറ്റഗറി, സബ് റൂൾ, സീനിയോറിറ്റി ലിസ്റ്റ് എന്നിവ ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.
11. കമ്മറ്റിയും, പൊതുയോഗവും കൃത്യമായി വിളിച്ചു കൂട്ടി ബൈലാ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
12. സംഘം പ്രവർത്തനം ആരംഭിച്ച് കുറഞ്ഞത് 5 വർഷം പിന്നിട്ടിരിക്കണം.
13. സംഘത്തിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തണം.
14. ശാഖ ആരംഭിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിരിക്കണം
15. ചുരുങ്ങിയ പ്രവർത്തന പരിധിയുള്ള സംഘങ്ങൾക്ക് ശാഖ അനുവദിക്കേണ്ടതില്ല.
16. നിക്ഷേപം സ്വരൂപിച്ചിട്ടുണ്ടെങ്കിൽ നിക്ഷേപത്തിന്റെ വിനിയോഗം ഫലപ്രദമാ യി വിനിയോഗിച്ചിട്ടുണ്ടെന്നും നിക്ഷേപം തിരികെ കൊടുക്കാൻ കഴിഞ്ഞിട്ടി ല്ല എന്ന പരാതി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
17. നിർദ്ദിഷ്ഠ ശാഖക്ക് വേണ്ടിയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടത്.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറക്ക് ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഉം ജോയിന്റ് രജിസ്ട്രാർ(ആഡിറ്റും) സംയുക്ത മായി ശാഖ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഒരു ജോയിന്റ് സർവ്വേ നടത്തി നിർദ്ദിഷ്ട ശാഖ പ്രവർത്തന സാധ്യത ഉറപ്പു വരുത്തുകയും ആയതിന്റെ അടസ്ഥാനത്തിൽ സംഘത്തിന് പ്രാരംഭ നിലയിൽ ക്രമനമ്പർ 1 മുതൽ 17 വരെയുള്ള കാര്യങ്ങൾ വിശദമായിമായി റിപ്പോർട്ടിൽ പരാമർശിക്കേണ്ടതും ശാഖ അനുവദിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുകയും ജോയിന്റ് സർവ്വേ റിപ്പോർട്ട് സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. ശാഖ അനുവാദം ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കുന്നതും, ശാഖയുടെ തുടർ അനുവാദത്തിന് അപേക്ഷ സമർപ്പി ക്കേണ്ടതും പരിശോധിച്ച വിലയിരുത്തിയ ശേഷം മാത്രം തുടർ അനുവാദം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഒപ്പ്

വി.സനൽകുമാർ ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്–
1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസട്രാർ, ഡെപ്യൂട്ടിരജിസ്ട്രാർ, സെക്ഷൻ സൂപ്ര ണ്ടുമാർ
3. അഡ്വക്കേറ്റ് ജനറൽ ആഫീസ്, എറണാകുളം.
4. സഹകരണ വീഥി, പ്രസിദ്ധീകരണത്തിന്.
5. സഹകരണ ജേണൽ പ്രസിദ്ധീകരണത്തിന്
6. സർക്കുലർ ഫയൽ
7. രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)